കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പനയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-4 -1073 /2017

കേരള സംസ്ഥാന ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി, 12/06/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പനയം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പനയം ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം-പി4-1073/17 തീയതി 14-06-2017

<u>കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/04/2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ-ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി .ഗീത.എം<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.06.2017 മുതൽ 9.06.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മണിലാൽ.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷീജ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജയേഷ്.ജെ | ഓഡിറ്റർ<br>2.06.2017മുതൽ<br>9.06.2017 വരെ |

| | | |
|---|---|---|
| | ശ്രീമതി.വിഷ്ണപ്രിയ.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷീല.എ, പ്രസിഡൻറ് | 01/04/2016 മുതൽ 31/03/2017വരെ |
| സെക്രട്ടറി | ശ്രീ.ബി.ബാബുരാജൻ | 01/04/2016 മുതൽ 31/05/2017വരെ |
| | ശ്രീ.വിജയകുമാർ.എസ് (ഇൻ ചാർജ്ജ്) | 01/06/2016മുതൽ 13/07/2016വരെ |
| | ശ്രീ.സുനീഷ്കുമാർ.എസ് | 13/07/16 AN മുതൽ 31/03/2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.സെക്രട്ടറി | ശ്രീ.വിജയകുമാർ.എസ് | 01/04/2016മുതൽ 31/03/2017വരെ |
| വെറ്റിനറി സർജൻ | ശ്രീ.എം.ബിനു | 01/04/2016 മുതൽ 31/03/2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.എം.ഷറഫുദ്ദീൻ | 01/04/2016 മുതൽ 31/05/2017 വരെ |
| | ശ്രീ.ആർ.ബിജു | 01/06/2016 മുതൽ 07/09/2016വരെ |
| | ശ്രീമതി.ഷെറിൻ മുള്ളർ | 08/09/2016 മുതൽ 31/03/2017വരെ |

| | | |
|---|---|---|
| വി. ഇ. ഒ | ശ്രീ.പി.ജെ.ഉണ്ണികൃഷ്ണൻ | 01/04/2016മുതൽ 31/03/2017വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.പ്രസന്നകുമാരിയമ്മ | 01/04/2016 മുതൽ 14/06/2016വരെ |
| | ശ്രീമതി.സുഷമ.കെ | 15/06/2016മുതൽ 31/03/2017വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | ശ്രീമതി.നിഷ.പി.ഹരി | 01/04/2016മുതൽ 31/03/2017വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.വിജയാംബിക | 01/04/2016മുതൽ 31/03/2017വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ശ്രീമതി.അനിത.പി | 01/04/2016മുതൽ 31/03/2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.രാധാകൃഷ്ണൻ.വി | 01/04/2016മുതൽ 31/03/2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ബിജു | 01/04/2016മുതൽ 31/03/2017വരെ |

## ഉള്ളടക്കം


| | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ഡി ആൻറ് ഒ ലൈസൻസ് അനുവദിച്ചു | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 2-2 |
| 14 | പനയം എൽ.പി.എസ്സ്.നോർത്ത്- തേക്ക് മരങ്ങളുടെ ലേലം നടത്തിയിട്ടില്ല | 2-3 |

| | | |
|---|---|---|
| | ഭാഗം 3 | |
| 15 | സർവ്വശിക്ഷാ അഭിയാൻ- പഞ്ചായത്ത് വിഹിതം അധികം നൽകി | 3-1 |
| 16 | ഗ്രാമപഞ്ചായത്തുതല വായനാ യജ്ഞ പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 17 | കേരളാ വാട്ടർ അതോറിറ്റിയ്ക്ക് വെള്ളക്കരം - 21,000/- രൂപ അധികം ഒടുക്കി | 3-3 |
| 18 | മരാമത്ത് പണികളിൽ കാലതാമസം -പിഴ ഈടാക്കിയില്ല- 6,300/-രൂപയുടെ നഷ്ടം | 3-4 |
| 19 | യുവാക്കൾക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിന് ധനസഹായം നൽകൽ - സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 3-5 |
| 20 | മരുന്നുകൾ ലഭ്യമാക്കിയില്ല | 3-6 |
| 21 | പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനം – പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങുന്നതിൽ മാത്രം ഒതുങ്ങി | 3-7 |
| 22 | ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കിയില്ല | 3-8 |
| 23 | വിനിയോഗക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു. | 3-9 |
| 24 | വിവിധ മരാമത്ത് പണികൾ- ബിറ്റുമിൻ ലഭ്യമാക്കാത്തത് സംബന്ധിച്ച്. | 3-10 |
| 25 | പഞ്ചായത്തിലെ ഇൻഫോർമേഷൻ കിയോസ്ക് പ്രവർത്തിക്കുന്നില്ല | 3-11 |

| | | |
|---|---|---|
| 26 | ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണത്തിൽ അപാകതകൾ- സെന്റേജ് ചാർജ് അധികം നൽകി | 3-12 |
| | ഭാഗം 4 | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിന് ൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 02/03/2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | 5.5.17 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 8.6.17 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

1.മുൻ വർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

2.ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3.സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശ സ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി.മുഖേനയാണ്. ആയതിനാൽ വിനിയോഗത്തിന്റെ കണക്കുകൾ സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായ നികുതി, ക്ഷേമനിധി വിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.സ്റ്റോക്ക് റിപ്പോർട്ട് അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തുകയോ, സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

7. അഡ്വാൻസ് രജിസ്റ്റർ അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8219698 |
| വരവ് | 44737917 |
| ആകെ | 52957615 |
| ചെലവ് | 43124066 |
| നീക്കിയിരിപ്പ് | 9833549 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6969216 | 6969216 | 6969216 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5340808 | 5340808 | 5340808 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1957879 | 1957879 | 1957879 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2219500 | 2219500 | 2219500 | Nil | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4089631 | 4089631 | 4089631 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1718980 | 1718980 | 1718980 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 651 | 11883696 | 11884347 | 11881592 | 2755 | 99.98 |
| ബി ഫണ്ട് | 0 | 36488160 | 36488160 | 36488160 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 58194585 | 95 | 26710245 | 0 | 40 | 70.4 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 0.41 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2473141 | 3748699 | 1275558 | 34.02 |
| നികുതി യേതര വരവുകൾ | 1237747 | 1507585 | 269838 | 17.89 |
| മറ്റുവരവുകൾ | 9972882 | 8484033 | -1488849 | -17.54 |
| ആകെ | 13683770 | 13740317 | 56547 | 0.41 |

## 1-8 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 396360 | 237 |
| കർഷക തൊഴിലാളി പെൻഷൻ | 931470 | 97 |
| വിധവാപെൻഷൻ | 12594730 | 1184 |
| വാർദ്ധക്യകാല പെൻഷൻ | 18539835 | 1932 |
| വികലാംഗ പെൻഷൻ | 3582695 | 363 |

| | | |
|---|---|---|
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 200790 | 23 |
| വിവാഹ ധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-06-2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2018/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ, തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി, കരാർ സംബന്ധിച്ച രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സ്രോതസ്സുകൾ കണ്ടെത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതും ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/05/2017 | 03/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/09/2006 | 10/2000 മുതൽ 03/2006 വരെ | 06/11/2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ഡി ആൻറ് ഒ ലൈസൻസ് അനുവദിച്ചു

ഗ്രാമ പഞ്ചായത്തിലെ 2016-17 വർഷത്തെ ഡി ആൻറ് ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിന്റെ ഉപയോഗം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | എ.ഷഹീദ്, മങ്ങാട്.പി.ഒ | പശുവളർത്തൽ, ജൈവ വള നിർമ്മാണം | VIII/UA-12 |
| 2 | അബ്ദുൾ അസീസ്, ചാത്തിനാംകുളം | സോമിൽ (40 എച്ച്.പി) | VII/637 |
| 3 | കമാലുദ്ദീൻ.എസ്, തറവിളവീട്, കൊറ്റങ്കര | ഫ്രോസൺ ഫുഡ് പാക്കിംഗ് (25 എച്ച്.പി) | X/24 |

മേൽ സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ലാതെ ഡി & ഒ ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.13/08.06.17) ലഭ്യമാക്കിയ മറുപടിയിൽ മേൽസ്ഥാപനങ്ങളിൽ നിന്ന് മലിനീകരണ നിയന്ത്രണ ബോർഡിൻറെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൻറെ 2016-17 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് 2016-17ൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷങ്ങൾ |
|---|---|---|
| 1 | സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, ചിറ്റയം | I, II |

| | | |
|---|---|---|
| 2 | സെന്റ് ചാൾസ് ബൊറോമിയോ കോൺവെന്റ് സ്കൂൾ, ചിറ്റയം | I, II |

2.പെരിനാട് റെയിൽവെ സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2016-17ൽ രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയിട്ടില്ല.

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിക്ക് നം. (9/07.06.2017) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഒടുക്ക് വരുത്തേണ്ടതുംവിവരം അറിയിക്കേണ്ടതുമാണ്.

## 2-3 പനയം എൽ.പി.എസ്സ്.നോർത്ത്- വാലുവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചുവെങ്കിലും തേക്ക് മരങ്ങളുടെ ലേലം നടത്തിയിട്ടില്ല.

ഗവ: എൽ.പി.എസ്സ്.പനയം നോർത്ത്, കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്ന തേക്ക് മരങ്ങളുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് അസ്സി.ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്ന് 16.12.2016 ൽ ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത തേക്ക് മരങ്ങളുടെ ലേലം നടന്നതായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ലേലം നടന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.1/3-6-17) മറുപടിയായി, 4-4-17, 18-4-17 എന്നീ തീയതികളിൽ ലേല നോട്ടീസ് പതിച്ചിട്ടുള്ളതാണെന്നും എന്നാൽ ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ല എന്നും ഹെഡ്മിസ്ട്രസ് അറിയിച്ചിട്ടുണ്ട്. 29.05.17 ലെ VIIാം നമ്പർ തീരുമാനപ്രകാരം പുനർലേലം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. പുനർലേലം നടത്തി ലേലത്തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർവ്വശിക്ഷാ അഭിയാൻ- പഞ്ചായത്ത് വിഹിതം അധികം നൽകി

പ്രോജക്ട് നം. 31/2017 (എസ്.എസ്.എ.വിഹിതം-2016-17) പ്രകാരം സർവ്വശിക്ഷാ അഭിയാന് വേണ്ടി പഞ്ചായത്ത് വിഹിതമായി വികസനഫണ്ടിൽ നിന്നും 7,26,276/- രൂപ ബിൽ നം.15/2016-17 മുഖേന എസ്.എസ്.എ., കൊല്ലം ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്(ഡി.ഡി. നം. 991895/21.12.2016). എന്നാൽ പ്രോജക്റ്റ് ഓഫീസറുടെ വിനിയോഗ സാക്ഷ്യപത്രം അനുസരിച്ച് 2016-17-ൽ വിവിധ മേഖലകൾക്കായി ചെലവഴിച്ച ആകെ തുക 17,82,796/- രൂപയും ഇതിന്റെ 40% പഞ്ചായത്ത് വിഹിതം 7,13,118/- രൂപയുമാണ്. ഇതിൻ പ്രകാരം 13,158/-(7,26,276-7,13,118) രൂപ അധികം നൽകിയിട്ടുണ്ട്. അധിക തുക നൽകിയതിനുള്ള കാരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/7.6.2017), പ്രസ്തുത തുക തിരിച്ചടവാക്കാൻ പ്രോജക്റ്റ് ഓഫീസർക്ക് കത്ത്

നൽകിയതായി അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 13,158/-രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-2 ഗ്രാമപഞ്ചായത്തുതല വായനായജ്ഞപദ്ധതി - നിർവ്വഹണത്തിൽ അപാകതകൾ.

1.പ്രോജക്റ്റ് നം. : 116/17

അടങ്കൽ : 1,86,150/-(വികസനഫണ്ട്)

ചെലവ് : 1,37,100/-രൂപ

ചെക്ക് നം.: 018368/31.3.2017

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം.116/17(ഗ്രാമ പഞ്ചായത്തുതല വായനാ യജ്ഞ പദ്ധതി) പ്രകാരം 16 വാർഡുകളിലെ 25 യുവതീയുവാക്കളെ വീതം പങ്കെടുപ്പിച്ചുകൊണ്ട് വായനാ കൂട്ടങ്ങൾ സംഘടിപ്പിക്കുക, ഇവർക്ക് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാനകൈരളി മാസിക ലഭ്യമാക്കുക, ഓരോ വാർഡിലെയും അഞ്ച് യുവതീയുവാക്കൾക്ക് വീതം പരിശീലനം നൽകുക, ദ്വൈമാസാവലോകനം നടത്തുക എന്നിവയാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു;

1. പദ്ധതിയ്ക്ക് വേണ്ടി ആകെ ചെലവഴിച്ച 1,37,100/-രൂപയിൽ 1,31,250/- വിജ്ഞാനകൈരളി മാസിക 5250 എണ്ണം 25/- രൂപ നിരക്കിൽ വാങ്ങിയതിന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നൽകിയതാണ്. എന്നാൽ ഇത്രയും മാസികകൾ ഒരുമിച്ച് വാങ്ങിയതിന്റെ ഉദ്ദേശ്യം വ്യക്തമല്ല. 16 വാർഡുകളിലെ 25വീതം യുവതീയുവാക്കളെന്ന കണക്കിൽ 400 പേർ ഉൾപ്പെടുന്ന വായനാകൂട്ടത്തിന് ഒരു വർഷത്തേയ്ക്കാവശ്യമായ മാസികകൾ 4800 എണ്ണമാണ് (400 x 12).

2. 5250 മാസികകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും അവയുടെ വിതരണ വിവരങ്ങൾ ലഭ്യമല്ല.

3. പ്രോജക്റ്റിൽ ലക്ഷ്യമിട്ട വായനാ കൂട്ടങ്ങളുടെ വാർഡുതല വിവരങ്ങൾ ലഭ്യമല്ല.

4. പ്രോജക്റ്റിന്റെ തുടർ പ്രവർത്തനങ്ങളായ ശില്പശാല, ദ്വൈമാസാവലോകനം എന്നിവ നടത്തിയിട്ടില്ല.

5. അകെ ചെലവഴിച്ച 1,37,100/-രൂപയിൽ 5850/- രൂപയുടെ വൗച്ചറുകൾ ലഭ്യമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 8/7.6.2017) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം വാങ്ങിയ 450 മാസികകൾക്ക് നൽകിയ 11250/-രൂപ പാഴ്ചെലവായി മാറുകയാണുണ്ടായത്. കൂടാതെ ചെലവു രേഖകളുടെ അഭാവത്തിൽ 5850/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 കേരളാ വാട്ടർ അതോറിറ്റിയ്ക്ക് വെള്ളക്കരം - 21,000/- രൂപ അധികം തുക

ഒടുക്കി.
കേരളാ വാട്ടർ അതോറിറ്റിയുടെ ബില്ലുകൾ പ്രകാരം ടാപ്പൊന്നിന് ഒരു വർഷത്തേയ്ക്ക് 5250/- രൂപ നിരക്കിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 316 പൊതു കുടിവെള്ള ടാപ്പുകളുടെ പ്രതി മാസ വെള്ളക്കരമായി 1,38,250/- രൂപ നിരക്കിലാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്തമായി 26.10.2015 ൽ പരിശോധന നടത്തി 10.11.2015 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 5 പ്രകാരം അംഗീകരിച്ച് തയ്യാറാക്കിയ രജിസ്റ്റർ പ്രകാരം 312 ടാപ്പുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. അതായത് പ്രതിമാസം 4 ടാപ്പുകളുടെ വീതം വെള്ളക്കരം അധികമായി ഒടുക്കു വരുത്തുന്നു.
തൻ വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം. 19/17 പ്രകാരം തനത് ഫണ്ടിൽനിന്നും വെള്ളക്കരമിനത്തിൽ ഒടുക്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | ഒടുക്കിയ തുക | വൗചൗർ നം./ ബിൽ നം. | റിമാർക്സ് |
|---|---|---|---|
| 4/2016 | 1,38,250 | 40/16 | തനതു ഫണ്ട് |
| 5/16 | 1,38,250 | 106/16 | -ടി- |
| 6/16 | 1,38,250 | 169/16 | -ടി- |
| 7/16 | 1,38,250 | 3799309 | -ടി- |
| 8/16 | 1,38,250 | 21600295 | -ടി- |
| 9/16 | 1,38,250 | 21600395 | -ടി- |
| 10/16 | 1,38,250 | 21600452 | -ടി- |
| 11/16 | 1,38,250 | 21600524 | -ടി- |
| 12/16-3/17 | 5,53,000 | 16/16-17 | പ്രോജക്ട്നം. 19/17 പ്രകാരം |
| ആകെ | 16,59,000 | | |

മേൽ പ്രകാരം ടാപ്പൊന്നിന് പ്രതിവർഷം 5250/- രൂപ നിരക്കിൽ 4 ടാപ്പുകൾക്ക് 21000/- രൂപ അധികം ഒടുക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/7.6.17)-യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം അടവാക്കിയ 21,000/- രൂപ തിരികെ ലഭിക്കുന്നതിനോ വരും മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മരാമത്ത് പണികളിൽ കാലതാമസം-പിഴ ഈടാക്കിയില്ല-6,300/-രൂപയുടെ നഷ്ടം.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പണിയിൽ കാലതാമസം നേരിട്ടിട്ടുണ്ട്. കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പണിപൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. കാലതാമസത്തിന് ആദ്യ മൂന്ന് മാസം ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടുന്ന പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

പ്രവൃത്തി: 55-ാം നം. അങ്കണവാടി നിർമ്മാണം.

പ്രോജക്റ്റ് നം. : 14/17(സ്പിൽ ഓവർ)

എസ്റ്റിമേറ്റ് :(1) 6,88,000/- രൂപ (കേന്ദ്രവിഹിതം)

1,22,000/- രൂപ (തനതുഫണ്ട്)

കരാറുകാരൻ : ശ്രീ മുരളീധരൻ

കരാർ നം. : 65/15/20.3.2015

കാലയളവ് : 6 മാസം

ചെലവ് : (1) 1,21,966/- രൂപ (ചെക്ക് നം.119508/27.1.16)

(2) 6,88,000/- രൂപ (ചെക്ക്നം.3797313/20.8.16)

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി :20.9.2015

പൂർത്തീകരിച്ച തീയതി: 18.12.2015

എസ്റ്റിമേറ്റ് പി.എ.സി. : 8,10,000/-

നിയമാനുസൃത ഇളവുകൾക്ക് ശേഷം 10.10.2015 മുതൽ 18.12.2015 വരെയുള്ള കാലതാമസത്തിന് ഈടാക്കേണ്ട പിഴ ;

8,10,000 x 1% x 70/90 = 6300/-രൂപ.

പിഴ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/6.6.2017) പ്രതികൂല കാലാവസ്ഥ മൂലം കാലാവധി നീട്ടി നൽകിയതായി അറിയിച്ചു. എന്നാൽ ഈ വിശദീകരണത്തെ സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമല്ല. ഈ

സാഹചര്യത്തിൽ പിഴയിനത്തിൽ നഷ്ടമായ 6,300/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 യുവാക്കൾക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിന് ധനസഹായം നൽകൽ - സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി നടപ്പിലാക്കി

അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് യുവാക്കൾക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിന് ധനസഹായം നൽകൽ (എസ്.സി), (പ്രോജക്ട് നമ്പർ.51/16-17). വികസനഫണ്ട്(എസ്.സി) ഇനത്തിൽ 500000/-രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 1250000/- ഉൾപ്പടെ 1750000/- രൂപ വകയിരുത്തി നടപ്പിലാക്കിയ ഈ പദ്ധതിയ്ക്കായി വിവിധ ബില്ലുകൾ പ്രകാരം 450000/-(9x50000) രൂപ ചെലവഴിച്ചിട്ടുണ്ട് . (ബിൽ നമ്പർ.1/16-17,31.1.17- 50000/- 4/16-17,15.2.17-200000/- 7/16-17,28.217-100000/- 10/16-17,4.3.17-50000/-, 17/16-17, 31.3.17-50000) സബ്സിഡി മാർഗരേഖ ജി.ഒ (എം.എസ്) 4/2016 തസ്വഭവ, 11.1.2016 പ്രകാരം ഓട്ടോറിക്ഷാ/പിക് അപ് ഓട്ടോറിക്ഷാ പ്രോജക്ടുകൾ വായ്പാബന്ധിത പ്രോജക്ടായിരിക്കണമെന്നും, ധനസഹായ തുക ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ നിർവഹണാർത്ഥം, യുവാക്കൾക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിന് സബ്സിഡി ഇനത്തിൽ നൽകിയ തുക (450000/-രൂപ) അതാത് ഡീലർമാർക്കാണ് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദീകരണം (എൻക്വയറി നം. 4/05.06.17) ആവശ്യപ്പെട്ടതിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.2.2016 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക ഡീലർക്ക് നൽകിയതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനാൽ യുവാക്കൾക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിന് സബ്സിഡി ഇനത്തിൽ നൽകിയ4,50,000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.2.2016 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 മരുന്നുകൾ ലഭ്യമാക്കിയില്ല

1.മെഡിക്കൽ ഓഫീസർ(ആയുർവേദം) നിർവഹണ ഉദ്യോഗസ്ഥയായി 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി ചുവടെ ചേർക്കുംപ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

എ. ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നമ്പർ.36/16-17)

മെയിന്റനൻസ് ഫണ്ട്(റോഡിതരം) ഇനത്തിൽ 2,50,000/-രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനയി 2,50,000/- രൂപ (ബിൽനമ്പർ.1/16-17,തീ.23.12.16, ബാങ്കേഴ്സ് ചെക്ക് നമ്പർ.991915/23.12.16) ചെലവഴിച്ചിട്ടുണ്ട്. എന്നാൽനാളിതുവരെ 1,79,050/-രൂപയുടെ

മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ

ബി. വൃദ്ധ ജന രോഗ പ്രതിരോധ ചികിത്സാ പദ്ധതി (പ്രോജക്ട് നമ്പർ.68/16-17)

വികസന ഫണ്ട്(ജനറൽ) ഇനത്തിൽ 2,00,000/-രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 2,00,000/- രൂപ (ബിൽനമ്പർ.2/16-17,തീ.21.1.17, ബാങ്കേഴ്സ് ചെക്ക് നമ്പർ.992671/21.1.17) ചെലവഴിച്ചിട്ടുണ്ട്. എന്നാൽനാളിതുവരെ 1,02,434/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ

സി. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നമ്പർ.57/16-17)

മെയിന്റനൻസ് ഫണ്ട്(റോഡിതരം) ഇനത്തിൽ 1,00,000/-രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോപ്പറേറ്റീവ് ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 1,00,000/-രൂപ (ബിൽനമ്പർ.3/16-17,തീ.21.1.17, ബാങ്കേഴ്സ് ചെക്ക് നമ്പർ. 992670/21.1.17) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടതിൽ (എൻക്വയറി.2/5.6.17) മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിലെടുക്കേണ്ടതും ആയത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ അധികം നൽകിയിട്ടുള്ള തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 2,68,516/- രൂപയുടെ (70950 +97566+100000) മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 3-7 <u>പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനം-പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങുന്നതിൽ മാത്രം ഒതുങ്ങി</u>

2016-17 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനം (പ്രോജക്ട് നമ്പർ.157/16-17). വികസന ഫണ്ട്(ജനറൽ)ഇനത്തിൽ 8562/-രൂപയും ധനകാര്യ കമ്മീഷൻ ഇനത്തിൽ 973618/- രൂപയും തനതു ഫണ്ടിനത്തിൽ 63220/- രൂപയും ബ്ലോക്ക് വിഹിതമിനത്തിൽ 500000/- രൂപയും ഉൾപ്പടെ ആകെ 15,45,400/- രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ ഈ പദ്ധതിയ്ക്കായി പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങുന്നതിനായി ധനകാര്യ കമ്മീഷൻ ഇനത്തിൽ 3,25,000/- രൂപ (ബിൽ നമ്പർ.10/16-17, 31.3.17) ചെലവഴിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനത്തിന്റെ ഭാഗമായി, കുടുംബശ്രീ ഉൾപ്പടെയുള്ള മറ്റ് സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പഞ്ചായത്തിലെ ഒരു കേന്ദ്രത്തിൽ സ്ഥാപിക്കുന്ന ഷ്രെഡിംഗ് മെഷീൻ ഉപയോഗിച്ച് ഷ്രെഡ് ചെയ്യുകയും, അവ പുനരുപയോഗത്തിനും ടാറിംഗിനും മറ്റുമായി നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. പ്ലാസ്റ്റിക് സഞ്ചികൾ ഒഴിവാക്കി ഓരോ വീട്ടിലും 4 തുണി

സഞ്ചികൾ നൽകുവാനും, പ്ലാസ്റ്റിക് ശേഖരണത്തിനായി ഒരു പിക് അപ് വാൻ വാടകയ്ക്ക് വിളിയ്ക്കാനും, ഷ്രെഡിംഗിനായി ഒരു തൊഴിലാളിയും, പിക് അപ് വാനിൽ ഒരു തൊഴിലാളിയും ഉൾപ്പടെ ആകെ 2 തൊഴിലാളികളെ നിയമിക്കാനും പദ്ധതി ലക്ഷ്യമിട്ടിരുന്നു. പദ്ധതിയുടെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഷ്രെഡിംഗ് മെഷീൻ | 475000 |
| ഷ്രെഡിംഗ് തൊഴിലാളി(12X5000) | 60000 |
| പിക് അപ് വാൻ തൊഴിലാളി (12X5000) | 60000 |
| പിക് അപ് വാൻ വാടക (12X12X 2500) | 120000 |
| കളക്ഷൻ ഫീസ് (1200 X16X 12) | 230400 |
| തുണിസഞ്ചി(6000 X100) | 600000 |
| ആകെ | 1545400 |

പ്രസ്തുത പ്രോജക്ട് നടപ്പാക്കിയതിലെ അപാകത ചുവടെ ചേർക്കുന്നു.

ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ, 11.1.2016 സർക്കാർ ഉത്തരവിലെ ഖണ്ഡിക 12viii പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനിയറാണ്. എന്നാൽ പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രസ്തുത പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായി വി.ഇ.ഒ യെ ആണ് നിയമിച്ചിട്ടുള്ളത്.

ഏക വർഷ പ്രോജക്ടായി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതിക്കായി ഷ്രെഡിംഗ് മെഷീൻ വാങ്ങി എന്നതൊഴികെ മറ്റ് യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല.

വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനോ ഷ്രെഡ് ചെയ്ത മാലിന്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോ യാതൊരു സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല.

മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ത്രീ ഫെയ്സ് കണക്ഷൻ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒന്നും ഒരുക്കാതെയാണ് ഷ്രെഡിംഗ് മെഷീൻ വാങ്ങിയിട്ടുള്ളത്.

പദ്ധതിക്കായി ടെൻഡറുകൾ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത പ്രകൃതി, തൈക്കാട്ടുക്കര, ആലുവ എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും, പദ്ധതി

പ്രകാരമുള്ള പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ പഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലത്ത് വിതരണം ചെയ്ത്, സ്ഥാപിച്ച്, പരിശീലനം നൽകി എന്ന് "പ്രകൃതി" എന്ന സ്ഥാപനം അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഷ്രെഡിംഗ് മെഷീന്റെ ബിൽ തുകയായ 325000/-രൂപ പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്.(എസ്.ബി.റ്റി, തൈക്കാട്ടുകര ബ്രാഞ്ച്, അക്കൗണ്ട് നമ്പർ.67335351054). എന്നാൽ പ്രസ്തുത മെഷീൻ സ്ഥാപിച്ച് പരിശീലനം നൽകിയതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് 8.6.2017ൽ ഭൗതിക പരിശോധന നടത്തിയതിൽ, പ്രസ്തുത മെഷീൻ പെരുമൺ മാർക്കറ്റ് കോംപ്ലക്സിലെ സേവാകേന്ദ്രത്തിൽ ഉപയോഗശൂന്യമായി സൂക്ഷിച്ചിരിക്കുന്നതായി കാണാൻ കഴിഞ്ഞു. മേൽ അപാകതകൾ സംബന്ധിച്ച് എൻക്വയറി നമ്പർ.12/8.6.17 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിൽ മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജന പദ്ധതിപ്രകാരം ഷ്രെഡിംഗ് മെഷീൻ വാങ്ങുന്നതിനായി ചെലവഴിച്ച 3,25,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.
പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ തുടർ നടപടികൾ സംബന്ധിച്ച പ്രസ്തുത വിവരം അറിയിക്കേണ്ടതാണ്.

## **3-8** <u>ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കിയില്ല</u>

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)) നിർവഹണ ഉദ്യോഗസ്ഥയായി 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1.പാലിയേറ്റീവ് പരിചരണ പദ്ധതി (പ്രോജക്ട് നമ്പർ.40/16-17)</u>

വികസനഫണ്ട്(ജനറൽ)ഇനത്തിൽ 650000/- രൂപയും ബ്ലോക്ക് വിഹിതമിനത്തിൽ 75000/-രൂപയും ഉൾപ്പടെ 725000/- രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 725000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഉപകരണങ്ങൾ വാങ്ങുന്നതിനായി 108436/- രൂപ (ബിൽ നമ്പർ.3/16-17,30.1.17, ഡി.ഡി നമ്പർ.992618 / 2.2.17) കേരള മെഡിക്കൽ സർവ്വീസസ് കോപ്പറേഷന് നൽകിയെങ്കിലും 105274/-രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് കോർപ്പറേഷനിൽ നിന്ന് ലഭ്യമായിട്ടുള്ളു. (BP APPARATUS ലഭ്യമാക്കിയിട്ടില്ല). 3162/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ പദ്ധതി പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനായി വീണ്ടും 45000/- രൂപ (ഡി.ഡി നമ്പർ.207827/3.4.17) കേരള മെഡിക്കൽ സർവ്വീസസ് കോർ പ്പറേഷന് നൽകിയെങ്കിലും യാതൊരു ഉപകരണങ്ങളും കോർപ്പറേഷനിൽ നിന്ന് ലഭ്യമായിട്ടില്ല. ഇതുപ്രകാരം ലഭ്യമാക്കാനുള്ള വാട്ടർ ബെഡ്(2),ഗ്ലൂക്കോമീറ്റർ(1), ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് (40),സ്റ്റെതസ്കോപ്പ് ഡീലക്സ് (2), വീൽചെയർ (15) എന്നിവ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

കൂടാതെ ഈ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി 2,75,000/- രൂപ(ബിൽ നമ്പർ.3/16-17,30.1.17, ഡിഡി നമ്പർ.992617/ 2.2.17) കേരള മെഡിക്കൽ സർവ്വീസസ് കോപ്പറേഷന് നൽകിയെങ്കിലും 163364/-രൂപയുടെ മരുന്നുകൾ മാത്രമാണ് കോപ്പറേഷൻ ലഭ്യമാക്കിയിട്ടുള്ളത്. 111363/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2.പി.എച്ച്.സിയി ലേക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നമ്പർ.56/16-17)

മെയിന്റനൻസ് ഫണ്ട്(റോഡിതരം) ഇനത്തിൽ 1,50,000/-രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനയി 1,50,000/- രൂപ (ബിൽ നമ്പർ. 2/16-17,30.1.17, ബാങ്കേഴ്സ് ചെക്ക് നമ്പർ.992621/2.2.17) ചെലവഴിച്ചിട്ടുണ്ട്. എന്നാൽനാളിതുവരെ യാതൊരു മരുന്നുകളും കേരള മെഡിക്കൽ സർവ്വീസസ് കോപ്പറേഷനിൽ നിന്ന് ലഭ്യമായിട്ടില്ല.

3.പി.എച്ച്.സിയിലേക്ക് ജീവൻ രക്ഷാ മരുന്ന് വാങ്ങൽ (പ്പോജക്ട് നമ്പർ.171/16-17)

തനതു ഫണ്ട്ഇനത്തിൽ 4,00,000/-രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനയി 1,25,000/- രൂപ ( ഡിഡി നമ്പർ207823/31.3.17) ചെലവഴിച്ചിട്ടുണ്ട്. എന്നാൽനാളിതുവരെ യാതൊരു മരുന്നുകളും കേരള മെഡിക്കൽ സർവ്വീസസ് കോപ്പറേഷനിൽ നിന്ന് ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച വിശദീകരണം (എൻക്വയറി നമ്പർ.3/5.6.17) ആവശ്യപ്പെട്ടതിൽ മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 48162/-രൂപയുടെ (3162+ 45000)ഉപകരണങ്ങളും 386636/-രൂപയുടെ(111636 +150000 + 125000) മരുന്നുകളും ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 3-9 വിനിയോഗക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരം ചെലവ് ചെയ്ത തുകകൾക്കുള്ള വിനിയോഗക്ഷ്യപത്രം ലഭ്യമാക്കയിട്ടില്ല;

| ക്രമ നം. | പ്രോജക്റ്റ്നം./ പേര് | നൽകിയ തുക | ഫണ്ടിനം. | കൈപ്പറ്റിയ സ്ഥാപനം | ബിൽ/ ഡി.ഡി. നം. |
|---|---|---|---|---|---|
| 1. | 20/17-പോസ്ററ് ഷിഫ്റ്റിംഗ് | 38,721 | ധനകാര്യ കമ്മീഷൻ | കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സെക്ഷൻ, കാഞ്ഞിരംകുഴി | 17/16-17 /28.12.2016 |

| | | | | | |
|---|---|---|---|---|---|
| 2. | 29/17-സാമൂഹ്യ സുരക്ഷാമിഷൻ വിഹിതം | 1,00,000 | -ടി- | സാമൂഹ്യസുരക്ഷാമിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടർ | 36/16-17 /24.3.2017 |
| 3. | 30/17-ഐ.കെ.എം.പഞ്ചായത്ത് വിഹിതം | 57,218 | തനത് ഫണ്ട് | ഐ.കെ.എം. എക്സി.ഡയറക്ടർ | 667343/16.3.2017 |
| | ആകെ | 1,95,939 | | | |

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,95,939/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 വിവിധ മരാമത്ത് പണികൾ- ബിറ്റുമിൻ ലഭ്യമാക്കാത്തത് സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ വിവിധ റോഡുകളുടെ ടാറിംഗിനാവശ്യമായ 54 ബാരൽ ബിറ്റുമിൻ (വി.ജി.30), 7ബാരൽ എമൽഷൻ എന്നിവ ലഭ്യമാക്കുന്നതിനായി താഴെ പറയും പ്രകാരം 3,03,164/-രൂപ ചെക്ക് നം.3589721/17.3.2017 മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട്നം/പേര് | എസ്റ്റിമേറ്റ് | നൽകിയതുക | ഫണ്ടിനം. | ബിൽ നം.& തീയതി |
|---|---|---|---|---|---|
| 1. | 91/17-ബി.എസ്.എൻ.എൽ.-കളരിവിള റോഡ് ടാറിംഗ് | 3,00,000 | 18,022 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 19/16-17 /17.3.2017 |
| 2. | കാളച്ചെമ്പിൽ-കൊച്ച്കോയ്ക്കവിള റോഡ് ടാറിംഗ് | 4,00,000 | 1,21,722 | -ടി- | 18/16-17 /17.3.17 |
| 3. | കണ്ണങ്കരെഴുത്ത് മാർത്തോമാപ്പള്ളി-ഗവ.എൽ.പി.എസ് റോഡ് ടാറിംഗ് | 4,01,000 | 62,667 | ധനകാര്യകമ്മീഷൻ | 17/16-17 /17.3.17 |
| 4. | 72/17-താന്നിക്കമുക്ക് മാർക്കറ്റ്-പാവൂർ റോഡ് ടാറിംഗ് | 8,17,000 | 1,00,753 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 16/17/17.3.17 |
| | ആകെ | | 3,03,164 | | |

മേൽ സൂചിപ്പിച്ച പ്രകാരം ബിറ്റുമിൻ, എമൽഷൻ എന്നിവ ലഭ്യമാക്കുന്നതിനായി 3,03,164/- രൂപ സെക്രട്ടറി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് നം.065454/29.5.17,298860/-, 065455/29.5.17,4304/- എന്നീ ഡി.ഡി.കൾ പ്രകാരം നൽകിയെങ്കിലും ബിറ്റുമിൻ, എമൽഷൻ എന്നിവ ലഭ്യമാക്കി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 പഞ്ചായത്തിലെ ഇൻഫോർമേഷൻ കിയോസ്ക് പ്രവർത്തിക്കുന്നില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി, ഗ്രാമപഞ്ചായത്തിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനും സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണത്തിനും വേണ്ടി 2015-16ൽ നടപ്പിലാക്കിയ Total Computerisation (പ്രോജക്ട് നം. 32/15-16) എന്ന പദ്ധതിയുടെ ഭാഗമായി വാങ്ങിയ ടച്ച് സ്ക്രീൻ ഇൻഫോർമേഷൻ സ്ക്രീൻ പ്രവർത്തന രഹിതമായി

കാണുന്നു.

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽനിന്നും 745177/-രൂപ വകയിരുത്തി കമ്പ്യൂട്ടർ, പ്രിൻറർ, സ്കാനർ, യു.പി.എസ്, ഇൻഫോർമേഷൻ കിയോസ്ക് എന്നിവ വാങ്ങുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്നും 665220/-രൂപ ചെലവഴിച്ചു. (ഡി.ഡി.നം.294201 തീയതി 06/10/2015).

2015-16 വർഷത്തെ പ്രോജക്റ്റിൽ ഉൾപ്പെട്ടതായിരുന്നുവെങ്കിലും 2016-17 വർഷത്തിൽ, 11/07/2016 ൽ ആണ് ഇൻഫോർമേഷൻ കിയോസ്ക് പഞ്ചായത്തിൽ ലഭ്യമായിരിക്കുന്നത്. ഇതിന്റെ പ്രവർത്തനം ആരംഭിച്ചത് 05/11/2016 ൽ ആണ്. എന്നാൽ നിലവിൽ ഇൻഫർമേഷൻ കിയോസ്ക് പ്രവർത്തനരഹിതമാണെന്ന് 5/6/2017 ലെ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച പരാതി കെൽട്രോണിൽ നൽകിയതിൻറെ രേഖകൾ ഓഡിറ്റ് എൻക്വയറി നമ്പർ 14/09.06.2017 ലൂടെ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായില്ല.
ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കുന്നതിന് അനുമതി നൽകികൊണ്ട് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ)നം.241/2015/തസ്വഭവ യിലെ നിർദ്ദേശമനുസരിച്ച് പഞ്ചായത്ത് കെൽട്രോണുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതുണ്ട്. കിയോസ്കുമായി ബന്ധപ്പെട്ട കംപ്ലയിൻറ് രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ 24 മണിക്കൂറിനുള്ളിൽ ആയത് പരിഹരിക്കണമെന്നും, ടി സമയത്തിനുള്ളിൽ പരിഹരിക്കാൻ സാധിക്കാത്തതാണെങ്കിൽ സ്റ്റാന്റ് ബൈ കിയോസ്ക് സ്ഥാപിക്കണമെന്നും അപ്രകാരം ചെയ്തില്ലെങ്കിൽ കെൽട്രോണിൽ നിന്നും നഷ്ടപരിഹാരം ഈടാക്കണമെന്നുള്ള വ്യവസ്ഥകൾ പ്രസ്തുത കരാറിൽ ഉൾപ്പെടുത്തണം. എന്നാൽ പഞ്ചായത്ത് കെൽട്രോണുമായി ഇത്തരത്തിലൊരു കരാറിൽ ഏർപ്പെട്ടിട്ടില്ല.

കെൽട്രോണുമായി കരാർ ചമയ്ക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, കിയോസ്കുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും ആയവ പരിഹരിക്കുന്നതിനും ആവശ്യമായ കരാർ ചമയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയതിൻപ്രകാരം കംപ്ലയിൻറ് രജിസ്റ്റർ ചെയ്ത് ഇൻഫർമേഷൻ കിയോസ്കിൻറെ അപാകത പരിഹരിച്ച് പ്രവർത്തനക്ഷമമാക്കി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണത്തിൽ അപാകതകൾ- സെന്റേജ് ചാർജ് അധികം നൽകി .

30.7.2014-ലെ സർക്കാർ ഉത്തരവ് നം.ജി.ഒ.(പി)311/14 ഫിൻ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകാവുന്ന സെന്റേജ് ചാർജ് 8% ആണ്. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവ മുഖേന ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് അവരുടെ എസ്റ്റിമേറ്റുകൾ പ്രകാരം ഒടുക്കിയ തുകകളിൽ സെന്റേജ് ചാർജിനത്തിൽ അധികം തുക

ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ്നം /പേര് | ഒടുക്കിയ തുക | പി.എ.സി. | സെന്റേജ് ചാർജ് | അധികം ഒടുക്കിയ സെന്റേജ് ചാർജ് | കൈപ്പറ്റിയ സ്ഥാപനം | ബിൽ/ചെക്ക് /ഡി.ഡി.നം. |
|---|---|---|---|---|---|---|---|
| 1. | 137/16-പഞ്ചായത്തോഫീസ് രണ്ടാംനില ഇലക്ട്രിഫിക്കേഷൻ | 190500 | 164194 | 16419 | 3284 | അസി.എക്സി. എഞ്ചിനീയർ, PWD,ഇലക്ട്രിക്കൽ വിഭാഗം,കൊല്ലം | 30/16-17 /15.3.17 |
| 2. | 138/17-പഞ്ചായത്തോഫീസ് രണ്ടാംനിലകംപ്യൂട്ടർ നെറ്റ് വർക്കിംഗ് | 53800 | 46332 | 4633 | 927 | -ടി- | 29/16-17 /15.3.17 |
| 3. | 165/17-പഞ്ചായത്ത് പുതിയകെട്ടിടം വൈദ്യുതിഫിറ്റിംഗുകൾ | 75200 | 64800 | 6480 | 1296 | -ടി- | 7687190/ 14.3.17 |
| 4. | ചിറ്റയം പമ്പ് ഹൗസ്-ചർച്ച് റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 16000 | 14222 | 1778 | 640 | വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, കൊല്ലം | 667335 /14.3.17 |
| 5. | SKVUPS-മാടൻകാവ് റോഡ് പൈപ്പ് ലൈൻഎക്സ്റ്റൻഷൻ | 76266 | 67792 | 8474 | 3051 | -ടി- | -ടി- |
| | | ആകെ | | | 9198 | | |

മേൽ സർക്കാർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂറായി എസ്റ്റിമേറ്റിന്റെ 20% തുകയും തുടർന്നുള്ള തുകകൾ ചെയ്ത പ്രവൃത്തിയുടെ മൂല്യമനുസരിച്ച് 15% -ൽ കവിയാതെ 5 ഗഡുക്കളായും ആണ് നല്കേണ്ടത്. എന്നാൽ ഇതിനുവിരുദ്ധമായി മുഴുവൻ തുകയും ആദ്യം തന്നെ നൽകി. 11.1.2016-ലെ സ.ഉ.(എം.എസ്.)4/2016 തസ്വഭവ നം.പുതുക്കിയ മാർഗ്ഗരേഖ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ നൽകാവൂ എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ 9,198/- രൂപ തിരികെ ഈടാക്കേണ്ടതുമാണ്.

## ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ചിറ്റുമല | 2016-17 | 75000 | പാലിയേറ്റീവ് പരിചരണ പദ്ധതി | 75000 | Nil |
| ബ്ലോക്ക് പഞ്ചായത്ത്, ചിറ്റുമല | 2016-17 | 75000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 75000 | Nil |
| ജില്ലാപഞ്ചായത്ത്, കൊല്ലം | 2016-17 | 120000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 120000 | Nil |
| ബ്ലോക്ക് പഞ്ചായത്ത്, ചിറ്റുമല | 2016-17 | 200000 | തയ്യിൽ റോഡ് കോൺക്രീറ്റ് | 200000 | Nil |
| ബ്ലോക്ക് പഞ്ചായത്ത്, ചിറ്റുമല | 2016-17 | 200000 | പുത്തൻപുരവിള കാരിക്കാപുഴ വടക്കതിൽ റോഡ് കോൺക്രീറ്റ് വാർഡ് 2 | 200000 | Nil |
| ബ്ലോക്ക് പഞ്ചായത്ത്, ചിറ്റുമല | 2016-17 | 200000 | എം.എസ്.എം റോഡ് മുതൽ കുഴിയിൽക്കട കായൽവാരം വരെ റോഡ് പുനരുദ്ധാരണം | 200000 | Nil |
| ബ്ലോക്ക് പഞ്ചായത്ത്, ചിറ്റുമല | 2016-17 | 85000 | പുന്നവിള മുക്ക് കല്ലൻവിള റോഡ് കോൺക്രീറ്റ് വാർഡ് 7 | 85000 | Nil |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | തുക | | |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 991978/30.02.2016 | 38721 | 38721 | Nil |
| PWD | പഞ്ചായത്ത് ഓഫീസ് രണ്ടാം നില ഇലക്ട്രിഫിക്കേഷൻ | 1603015792/15.03.2017 | 190500 | 190500 | Nil |
| PWD | പഞ്ചായത്ത് ഓഫീസ് രണ്ടാം നില കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് | 1603015793/15.03.2017 | 53800 | 53800 | Nil |
| PWD | പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടം വൈദ്യുത ഫിറ്റിംഗുകൾ സ്ഥാപിക്കുന്നതിന് | 630129570/15.03.2017 | 75200 | 75200 | Nil |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 667335/14.03.2017 | 92266 | 92266 | Nil |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-10 | 2011-12 | 3.3.5 | അംഗൻവാടി കെട്ടിടം ബേബിഫ്രണ്ട്ലി ടോയ്‌ലെറ്റ് | നിയമസഭാ സമിതിയുടെ പരിഗണന യിലാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52957615 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43124066 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6300 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 976189 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.4 | | 6300 | ശ്രീ.രാധാകൃഷ്ണൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 | 137100 | ശ്രീ.സുനീഷ് കുമാർ, സെക്രട്ടറി |
| 3.5 | 450000 | ശ്രീ.വിജയകുമാർ.എസ്, അസി.സെക്രട്ടറി |
| 3.7 | 325000 | ശ്രീ.പി.ജെ.ഉണ്ണികൃഷ്ണൻ, വി.ഇ.ഒ |
| 3.9 | 195939 | ശ്രീ.സുനീഷ് കുമാർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.സുനീഷ് കുമാർ, സെക്രട്ടറി | സെക്രട്ടറി, പനയം ഗ്രാമ പഞ്ചായത്ത് | സുനീഷ് ഭവൻ, പെരുമൺ, കൊല്ലം |
| ശ്രീ.വിജയകുമാർ.എസ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി, പനയം ഗ്രാമ പഞ്ചായത്ത് | വർഷപ്രിയ, ചെറുമൂട്, കൊല്ലം |
| ശ്രീ.പി.ജെ.ഉണ്ണികൃഷ്ണൻ, വി.ഇ.ഒ | വി.ഇ.ഒ, പനയം ഗ്രാമ പഞ്ചായത്ത് | പരമേശ്വര വിലാസം, നീരാവിൽ, പെരിനാട്.പി.ഒ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.ക്യൂ പി6-1266/14/10.07.14 | |
| 2001-02 | എൽ.എഫ്.ക്യൂ പി6-1266/14/10.07.14 | |
| 2002-03 | എൽ.എഫ്.ക്യൂ പി6-1266/14/10.07.14 | 3 |
| 2003-04 | എൽ.എഫ്.ക്യൂ പി6-1266/14/17.07.14 | 1 |
| 2004-05 | എൽ.എഫ്.ക്യൂ പി6-1266/14/17.07.14 | 1 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.ക്യൂ പി6-1266/14/17.07.14 | |
| 2006-07 | എൽ.എഫ്.ക്യൂ പി6-1266/14/17.07.14 | 4 |
| 2007-08 | എൽ.എഫ്.ക്യൂ പി6-1266/14/17.07.14 | 2 |
| 2008-09 | എൽ.എഫ്.ക്യൂ പി6-1266/14/17.07.14 | 1 |
| 2009-10 | എൽ.എഫ്.ക്യൂ പി6-1266/14/17.07.14 | 2 |
| 2010-11 | എൽ.എഫ്.ക്യൂ പി6-1266/14/17.07.14 | 3 |
| 2011-12 | എൽ.എഫ്.ക്യൂ പി6-870/14/07.10.14 | 1 |
| 2012-13 | കെ.എസ്എ.കെഎൽ എം.പി6-1248/14/10.03.15 | 11 |
| 2013-14 | കെ.എസ്എ.കെഎൽ എം.പി6-40/16/30.05.16 | 10 |
| 2014-15 | കെ.എസ്എ.കെഎൽ എം.പി6-1144/16/13.07.16 | 19 |
| 2015-16 | കെ.എസ്എ.കെഎൽ എം.പി6-1144/16/13.07.16 | |

ഡെപ്യൂട്ടി ഡയറക്ടർ

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി4/1073/ 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 12/06/2017.

സാക്ഷ്യപത്രം 2016-2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 – വകുപ്പ് 1994 ലെ കേരളാ പഞ്ചായത്തീരാജ് നിയമത്തിന്റെ 215 -വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പനയം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പനയം ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.